**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1410** — **08.02.2013 - ൽ മറുപടിക്ക്**

## 2012-2013-ലെ കെ.എസ്.റ്റി.പി. മരാമത്ത് പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) കെ.എസ്.റ്റി.പി. രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി ഏതെല്ലാം മരാമത്ത് പ്രവൃത്തികൾ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (എ) കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന 6 റോഡുകൾ അപ്ഗ്രേഡ് ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്:-<br>1. പിലാത്തറ – പാപ്പിനിശ്ശേരി - 20.90 കി.മീ.<br>2. കാസറഗോഡ് – കാഞ്ഞങ്ങാട് - 27.76 കി.മീ.<br>3. തലശ്ശേരി – വളവുപാറ - 53.12 കി.മീ.<br>4. ചെങ്ങന്നൂർ- ഏറ്റുമാനൂർ -മൂവാറ്റുപുഴ - 87.90 കി.മീ.<br>5. പുനലൂർ-പൊൻകുന്നം-തൊടുപുഴ - 132.22 കി.മീ.<br>6. പെരുമ്പിലാവ് -പട്ടാമ്പി -പെരിന്തൽമണ്ണ - 41 .00 കി.മീ. |
| (ബി) 2012-13 വർഷത്തിൽ ലക്ഷ്യമിട്ടിരുന്ന പ്രവൃത്തികൾ പൂർത്തീകരിക്കാനായോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ; | (ബി) 2011-12, 2012-13 വർഷത്തിൽ ഏറ്റെടുത്ത എല്ലാ പ്രവൃത്തികളും വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. |
| (സി) 2012-13 വർഷത്തിൽ കെ.എസ്.റ്റി.പി.-II പ്രോജക്ടിനായി എത്ര തുകയാണ് അനുവദിച്ചത്; | (സി) 25 കോടി രൂപയാണ് 2012-13 സാമ്പത്തിക വർഷത്തിൽ കെ.എസ്.റ്റി.പി.യ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. |

(ഡി) ഓരോ പ്രോജക്റ്റ് വർക്കിനും ചെലവായ തുകയുടെ വിശദാംശം നൽകുമോ;

(ഡി) 2011-12 സാമ്പത്തിക വർഷം കെ.എസ്.റ്റി.പി.യ്ക്ക് സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ച തുക കെ.എസ്.റ്റി.പി.യുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. ഈ തുക ഉപയോഗിച്ച് കെ.എസ്.റ്റി.പി. ഈ സാമ്പത്തിക വർഷം (2012 -13) ജനുവരി 31 വരെ വിവിധ നിർമ്മാണ പ്രവൃത്തികൾക്കായി 108.15 കോടി രൂപ ചെലവഴിച്ചു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.

(ഇ) ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് കെ.എസ്.റ്റി.പി. II -ൽ ഉൾപ്പെടുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ഇ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പ്പെടുന്ന കെ.എസ്.റ്റി.പി. ഒന്നാംഘട്ടത്തിൽ പൂർത്തിയാക്കിയ പാലക്കാട്-ഷൊർണ്ണൂർ റോഡിലുള്ള ഈസ്റ്റ് ഒറ്റപ്പാലം, കണിയാപുരം, തോട്ടിൽ പാലം എന്നീ പാലങ്ങളുടെ പ്രവൃത്തികൾ കെ.എസ്.റ്റി.പി. രണ്ടാംഘട്ടത്തിൽ പ്പെടുന്ന റോഡ് സേഫ്റ്റി വർക്കിൽ പ്പെടുത്തി പുനർ നിർമ്മിക്കുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നുണ്ട്. ഈ പാലങ്ങൾ പുതുക്കി പണിയുന്നതിനു വേണ്ടി സോയിൽ ഇൻവെസ്റ്റിഗേഷനും, ടോപ്പോഗ്രാഫി സർവ്വേയും ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടുകൾ Detailed Project Report, സ്ട്രക്ച്ചറൽ ഡിസൈൻ ഡ്രോയിങ്ങുകൾ എന്നിവ തയ്യാറാക്കുന്നതിനായി കെ.എസ്.റ്റി.പി. രണ്ടാംഘട്ടത്തിന്റെ കൺസൾട്ടന്റായ Wilbur Smith Associates Pvt. Ltd. - ന് നല്കിയിട്ടുണ്ട്. DPR ഉം ഡിസൈൻ ഡ്രോയിങ്ങുകളും ലഭിച്ചതിനുശേഷം അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്.) ഇതിനായി എത്ര തുക നീക്കിവച്ചിരിക്കുന്നു; വിശദാംശം നൽകാമോ?

(എഫ്.) ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ മാത്രമേ തുക കണക്കാക്കാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ

അനുബന്ധം

**Committed Expenditure for the FY 2012 -13 upto 31.01.2013.**

| | | Amount paid |
|---|---|---|
| On Going Work | | |
| RMC 63 | Cheruvarakonam-Kalayikkavila road | 4.20 |
| RMC 64 | Mutholi – Mundupalam road | 2.29 |
| **Total** | | **6.49** |
| GAP Work | | |
| RQI & M1 | Mannanthala – Taikod road | 20.05 |
| RQI & M 2 | Thiruvalla – Mavelikara and Alappuzha - Changanassery | 15.04 |
| RQI & M 3 | Poojassery – Chithrapuzha, Muttom Paramada, Thodupuzha Oonnukal | 1.04 |
| RQI & M 4 | Kuttiyadi-Kellur road, Narukara State border | 23.39 |
| MC-01 | Pilathara-Pappinissery road | 5.10 |
| MC-02 | Thalassery – Valavupara road | 14.43 |
| MC-03 | MC road from Chengannur to Muvattupuzha | 7.98 |
| MC-04 | Perumbilavu - Perinthalmanna | 3.66 |
| RS-Pack | Road Safety Work | 9.37 |
| Upgradation (Balance Work) | Upgradation Thaliparambu – Iritty road | 0.69 |
| PAP Works | Social Mitigation work - PAP | 0.91 |
| **Total** | | **101.66** |
| **Grand Total** | | **108.15** |

സെക്ഷൻ ഓഫീസർ